"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ്-കേരള അഗ്നിരക്ഷാ സേവനം- മരണപ്പെട്ട അസ്സിസ്റ്റന്റ് സ്റ്റേഷൻ ഓഫീസർ, സജികുമാർ പി.എൻ.ന്റെ 2025 വർഷത്തെ ഓണം അഡ്വാൻസ് എഴുതിത്തള്ളുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

**ആഭ്യന്തര(എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.2474/2026/HOME തീയതി,തിരുവനന്തപുരം, 27-07-2026

---

പരാമർശം:-
1. സ.ഉ.(പി) 91/2017/ ധന തീയതി 17.07.2017
2. സ.ഉ (പി) നം./108/2025/ധന തീയതി 26.08.2025
3. ഫയർ &റെസ്ക്യൂ സർവ്വീസസ് ഡയറക്ടർ ജനറലിന്റെ 05.05.2026 തീയതിയിലെ FIREHQ/654/2026-E1 നം. കത്ത്

**ഉത്തരവ്**

കേരള അഗ്നിരക്ഷാസേവന വകുപ്പിൽ ഇടുക്കി അഗ്നിരക്ഷാ നിലയത്തിൽ അസ്സിസ്റ്റന്റ് സ്റ്റേഷൻ ഓഫീസർ തസ്തികയിൽ ജോലി നോക്കി വരവേ **19.11.2025** ൽ മരണപ്പെട്ട സജികുമാർ പി.എൻ. ന് പരാർശം(2) പ്രകാരം **2025** വർഷത്തെ ഓണം അഡ്വാൻസ് ഇനത്തിൽ **20,000**/-രൂപ അനുവദിച്ചിരുന്നു. മരണപ്പെടുന്നതിന് മുമ്പ് ഓണം അഡ്വാൻസ് തിരിച്ചടവ് ഒരു ഗഡു **4000**/-രൂപ ടിയാന്റെ **2025** ഒക്ടോബർ മാസത്തെ ശമ്പളത്തിൽ നിന്നും കുറവ് ചെയ്തിരുന്നു. ഓണം അഡ്വാൻസ് ഇനത്തിൽ തിരികെ ഈടാക്കാനുള്ള **16000**/-രൂപ എഴുതിത്തള്ളി ബാധ്യതയിൽ നിന്നും ഒഴിവാക്കുന്നതിന് ടിയാന്റെ ഭാര്യ ശ്രീമതി.സിനി.പി.എൻ സമർപ്പിച്ച അപേക്ഷ ഫയർ &റെസ്ക്യൂ സർവ്വീസസ് ഡയറക്ടർ ജനറൽ പരാമർശം(3) പ്രകാരം ലഭ്യമാക്കിയിരുന്നു.

**2.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം(1) ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി ഇടുക്കി അഗ്നിരക്ഷാ നിലയത്തിൽ അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസർ തസ്മികയിൽ സേവനത്തിലിരിക്കവേ **19.11.2025** -ൽ മരണപ്പെട്ട സജികുമാർ പി. എൻ. -ന്റെ ഓണം അഡ്വാൻസ് തുകയിൽ തിരിച്ചടയ്ക്കാൻ ശേഷിയ്ക്കുന്ന **16,000**/- രൂപ (പതിനാറായിരം രൂപ മാത്രം) എഴുതിത്തള്ളാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUDHEER K
അണ്ടർ സെക്രട്ടറി

ഡയറക്ടർ ജനറൽ, കേരള അഗ്നിരക്ഷാ സേവന വകുപ്പ്, തിരുവനന്തപുരം.
ശ്രീമതി.സിനി.പി.എൻ, പടിഞ്ഞാറേപുരയ്ക്കൽ, കുവകണ്ടം പി.ഒ, പൂമല, ഇടുക്കി (ഡയറക്ടർ ജനറൽ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്), തിരുവനന്തപുരം.
ധനകാര്യവകുപ്പ് (15.07.2026 ലെ 3542487/EXP-B4/121/2026/ധന പ്രകാരം)
വിവരപൊതുജനസമ്പർക്ക (വെബ്&ന്യൂമീഡിയ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Digitally signed by
Muhamed Aslam A
Date: 27-07-2026
14:41:12
സെക്ഷൻ ഓഫീസർ